**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5285**
**01.07.2019 ലെ മറുപടിക്ക്**

## കിഫ്ബി പ്രവർത്തനമാരംഭിച്ചതിനുശേഷം ധനകാര്യ വകുപ്പിന്റെ ജോലി ഭാരത്തിൽ ഉണ്ടായ മാറ്റം

| ചോദ്യം.<br>ശ്രീ. മഞ്ഞളാംകുഴി അലി | | ഉത്തരം.<br>ശ്രീ. ടി. എം. തോമസ് ഐസക്ക് (ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി ) |
|---|---|---|
| (എ) | കിഫ്ബി പ്രവർത്തനമാരംഭിച്ചതിനു ശേഷം സംസ്ഥാനത്തെ പൊതുമരാമത്ത് പണികളുൾപ്പെടെ ഉള്ളവയ്ക്ക് സാമ്പത്തികാനുമതി നൽകുന്നതിൽ ധനവകുപ്പിന്റെ ജോലിയിൽ എത്ര ശതമാനം കുറവുണ്ടായിട്ടുണ്ട്; ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന ഫയലുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | കിഫ്ബി പ്രവർത്തനം ആരംഭിച്ചതിനുശേഷം സംസ്ഥാന പ്ലാൻ ഫണ്ടിലോ റവന്യൂ ചെലവുകളിലോ സർക്കാർ യാതൊരുവിധ കുറവും വരുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ കിഫ്ബി പ്രവർത്തനം ആരംഭിച്ചതിനുശേഷം ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന ഫയലുകളുടെ എണ്ണത്തിൽ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കിഫ്ബി പ്രവർത്തനമാരംഭിച്ചതിനു ശേഷം ധനകാര്യ വകുപ്പിന്റെ ജോലി ഭാരത്തിൽ ഉണ്ടായ മാറ്റം പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ വർക്ക് സ്ററഡി എന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | Major Infrastructure Development പദ്ധതികൾക്കുവേണ്ടി ഫണ്ടിംഗ് നടത്തുക എന്നതാണ് കിഫ്ബിയിലൂടെ ലക്ഷ്യമിടുന്നത്. ധനകാര്യ വകുപ്പ് സംസ്ഥാനത്തിന്റെ ബഹുമുഖമായ സാമ്പത്തിക ചെലവുകൾ കൈകാര്യം ചെയ്യുന്ന പ്രവൃത്തിയാണ് നിർവ്വഹിച്ചുവരുന്നത്. കിഫ്ബി പ്രവർത്തനം ആരംഭിച്ചു എന്നതുകൊണ്ട് ധനകാര്യ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തേണ്ട സാഹചര്യം ഇല്ല എന്നതിനാൽ ചോദ്യത്തിൽ സൂചിപ്പിച്ചിട്ടുള്ള തരത്തിലുള്ള വർക്ക് സ്റ്റഡിയുടെ ആവശ്യമുള്ളതായി സർക്കാർ കരുതുന്നില്ല. |

**സെക്ഷൻ ഓഫീസർ**